"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് -ശ്രീ.സനൽകുമാർ എസ്.ആർ-നെ ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയായി കോ-ടെർമിനസ് വ്യവസ്ഥയിൽ 01/06/2024 പ്രാബല്യത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.193/2025/P&EA    തീയതി,തിരുവനന്തപുരം, 05-05-2025

---

പരാമർശം:- 1. സ.ഉ.(കൈ)നം.22/2021/ P&EA തീയതി, 05.08.2021

2. സ.ഉ.(കൈ)നം.36/2021/P&EA തീയതി, 10.02.2021

3. 05.10.2021 ലെ സ.ഉ.(സാധാ)നം.431/2021/പ്ലാനിംഗ്

4. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 13.06.2024 തീയതിയിലെ എസ്.പി.ബി/648/2021-E4 നമ്പർ കത്ത്

5. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സന്റെ 16.11.2024 -ലെ SPB/116/2024-VC നമ്പർ കുറിപ്പ്

**ഉത്തരവ്**

സംസ്ഥാന ആസൂത്രണ ബോർഡിലെ ജോയിന്റ് ഡയറക്ടറായിരുന്ന ശ്രീ സനൽകുമാർ എസ്.ആർ.നെ പരാമർശം 3 പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ശ്രീ സനൽ കുമാർ എസ്.ആർ. 31/05/2024 ന് സർവീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാന് 01.06.2024 പ്രാബല്യത്തിൽ, കരാറടിസ്ഥാനത്തിൽ കോ-ടെർമിനസ് വ്യവസ്ഥയിലും, ടിയാൻ അവസാനം വാങ്ങിയ ശമ്പളം ഉറപ്പു വരുത്തിയും സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി തസ്തികയിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹു.വൈസ് ചെയർപേഴ്സൺ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ആസൂത്രണ ബോർഡിലെ ജോയിന്റ് ഡയറക്ടറായി 31.05.2024-ൽ വിരമിച്ച ശ്രീ.സനൽ കുമാർ എസ്.ആർ-നെ ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺന്റെ സ്പെഷ്യൽ

പ്രൈവറ്റ് സെക്രട്ടറിയായി കോ-ടെർമിനസ് (**Co-terminus basis with the tenure of the Vice Chairperson**) വ്യവസ്ഥയിൽ **01/06/2024** പ്രാബല്യത്തിൽ നിയമിച്ചും, ടിയാൻ അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ച തുക വേതനമായി നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാട്ടീൽ അജിത് ഭാഗവത്റാവു ഐ എ എസ്
സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ശ്രീ സനൽ കുമാർ എസ്.ആർ. (മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി.) വകുപ്പ് (**30.04.2025** -ലെ ഇനം നം **2896** പ്രകാരം)
വിജിലൻസ് (ഡി) വകുപ്പ് (**27.07.2024**-ലെ **VIG-D1/145/2024-VIG** നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം)
ധനകാര്യ (വ്യയം -ബി) വകുപ്പ് (**16.02.2025**-ലെ **EXP-B3/235/2024-FIN** നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി - **B2/74/2024-PLEGA** ഫയലിലേയ്ക്ക്

ഉത്തരവിൻ പ്രകാരം
Signed by
Sajith T
Date: 05-05-2025 16:45:57
സെക്ഷൻ ഓഫീസർ

പകർപ്പ്:
സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-04-2025

ഫയൽ നം. B2/74/2024/PLGEA. ഇനം നം: 2896

വിഷയം : ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ് - സംസ്ഥാന ആസൂത്രണ ബോർഡിലെ ജോയിന്റ് ഡയറക്ടറായി 31.05.2024-ൽ വിരമിച്ച ശ്രീ. സനൽകുമാർ എസ്.ആർ.-നെ ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺ-ന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയായി കോ-ടെർമിനസ് വ്യവസ്ഥയിൽ 01.06.2024 പ്രാബല്യത്തിൽ നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്.

US(B)
2/5/2025
AS

2896

**കേരള സർക്കാർ**
**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽ | : B2/74/2024-PLGEA |
| 2. | വകുപ്പ് | : ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ് |
| 3. | വിഷയം | : സംസ്ഥാന ആസൂത്രണ ബോർഡിലെ ജോയിന്റ് ഡയറക്ടറായി 31.05.2024-ൽ വിരമിച്ച ശ്രീ.സനൽകുമാർ എസ്.ആർ-നെ ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയായി കോ-ടെർമിനസ് വ്യവസ്ഥയിൽ 01/06/2024 പ്രാബല്യത്തിൽ നിയമിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 26.02.2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുകളുമായിആലോചിച്ചിട്ടുണ്ടോ; | : ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : ഉണ്ട് |
| 7. | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : ശ്രീമതി ലതാകുമാരി എം.ബി. |
| 8. | കരട് കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറി സെക്രട്ടറിയുടെ പേര് | : ഡോ. എ. ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 10.03.2025 |
| 10. | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീമതി ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 19.04.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : 25.04.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 28.04.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : 30-04-2025 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

സംസ്ഥാന ആസൂത്രണ ബോർഡിലെ ജോയിന്റ് ഡയറക്ടറായി 31.05.2024-ൽ വിരമിച്ച ശ്രീ.സനൽകുമാർ എസ്.ആർ-നെ ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയായി കോ-ടെർമിനസ് (Co-terminus basis with the tenure of the Vice Chairperson) വ്യവസ്ഥയിൽ 01/06/2024 പ്രാബല്യത്തിൽ, നിയമിക്കുന്നതും ടിയാൻ അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ച തുക വേതനമായി നിശ്ചയിക്കുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. സ.ഉ.(അച്ചടി)നം.06/2021/P&EA തീയതി, 22.05.2021 പ്രകാരം പ്രൊഫ.വി.കെ.രാമചന്ദ്രനെ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ്ചെയർപേഴ്സണായി നിയമിക്കുകയും 24.05.2021 ന് അദ്ദേഹം ചുമതലയേൽക്കുകയും ചെയ്തു. സ.ഉ.(കൈ)നം.22/2021/ P&EA തീയതി, 05.08.2021, സ.ഉ.(കൈ)നം.36/2021/P&EA തീയതി, 10.02.2021 എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സന്റെ പേഴ്സണൽ സ്റ്റാഫിൽ കോ-ടെർമിനസ് വ്യവസ്ഥയിൽ തസ്തികകൾ അനുവദിച്ച് ഉത്തരവായിരുന്നു. ഇതിന് തുടർച്ചയായി സ.ഉ.(സാധാ)നം.431/2021/P&EA തീയതി, 05.10.2021 ഉത്തരവ് പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയായി സംസ്ഥാന ആസൂത്രണ ബോർഡിലെ ജോയിന്റ് ഡയറക്ടറായിരുന്ന ശ്രീ സനൽകുമാർ എസ്.ആർ.നെ അന്യത്രസേവന വ്യവസ്ഥയിൽ കോ-ടെർമിനസ് (Co-terminus basis with the tenure of the office of the Vice Chairperson) ആയി നിയമിച്ചിരുന്നു. ശ്രീ സനൽ കുമാർ എസ്.ആർ. 31/05/2024 ന് സർവീസിൽ നിന്നും വിരമിക്കുകയുണ്ടായി. ശ്രീ സനൽ കുമാർ എസ്.ആർ. നെ കോ-ടെർമിനസ് വ്യവസ്ഥയിൽ ബഹു.വൈസ് ചെയർപേഴ്സണിന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയായി 01.06.2024 പ്രാബല്യത്തിൽ പുനഃനിയമനം നൽകി നിയമിക്കണമെന്ന് ആവശ്യപ്പെട്ട

കൊണ്ടുള്ള ബഹു.വൈസ് ചെയർപേഴ്സൺന്റെ 05.06.2024-ലെ കുറിപ്പ് മെമ്പർ സെക്രട്ടറി മുഖേന സർക്കാരിൽ ലഭ്യമായിരുന്നു.

3. ശ്രീ സനൽകുമാർ എസ്.ആർ. -നെ റീ എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്നതിന് വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി ഫയൽ വിജിലൻസ് വകുപ്പിലേക്ക് അയച്ചപ്പോൾ ;ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*"സംസ്ഥാന ആസൂത്രണ ബോർഡ് ജോയിന്റ് ഡയറക്ടർ(റിട്ട) ശ്രീ സനൽ കുമാർ എസ്.ആർ-നെതിരെ വിജിലൻസ് കേസ്/വിജിലൻസ് അന്വേഷണം നിലവിലില്ല എന്ന വിവരം ഭരണവകുപ്പിനെ അറിയിച്ചു കൊണ്ട് ഫയൽ മടക്കുന്നു "*

തുടർന്ന് ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചതിനുശേഷം ടി വകുപ്പിന്റെ അഭിപ്രായം സഹിതം ശ്രീ സനൽകുമാർ എസ്.ആർ-ന് പുനർനിയമനം നൽകുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ, മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു. "സംസ്ഥാന ആസൂത്രണ ബോർഡിലെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിന്നും വിരമിച്ച ശ്രീ സനൽകുമാർ എസ്.ആർ-ന് കെ എസ് ആർ ഭാഗം III ചട്ടം 100 പ്രകാരം (19.10.2016 ലെ സ.ഉ.(പി)നം.159/2016/ധനക്ക് അനുസൃതമായി പരിഷ്കരിച്ചത്), 01/06/2024 പ്രാബല്യത്തിൽ, കോ-ടെർമിനസ് വ്യവസ്ഥയിൽ, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി തസ്തികയിൽ പുനർനിയമനം നൽകി നിയമിക്കാവുന്നതാണോ" എന്നതിൽ ഉത്തരവിനായി ഫയൽ മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചപ്പോൾ; ഇക്കാര്യം ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭാ യോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണെന്ന് 16.10.2024 -ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിയ്ക്കുകയുണ്ടായി.

4. തുടർന്ന് വിശദമായി പരിശോധിച്ച ശേഷം പുതുക്കിയ ശിപാർശ ലഭ്യമാക്കുവാൻ മെമ്പർ സെക്രട്ടറിയ്ക്ക് നിർദ്ദേശം നല്കുകയുണ്ടായി. സംസ്ഥാന ആസൂത്രണ ബോർഡിലെ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിന്നും

31.05.2024 -ൽ വിരമിച്ച ശ്രീ സനൽ കുമാർ എസ്.ആർ-ന് 01.06.2024 പ്രാബല്യത്തിൽ, കരാറടിസ്ഥാനത്തിൽ കോ-ടെർമിനസ് വ്യവസ്ഥയിലും, ടിയാൻ അവസാനം വാങ്ങിയ ശമ്പളം ഉറപ്പ് വരുത്തിയും സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി തസ്തികയിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹു.വൈസ് ചെയർപേഴ്സൺ അഭ്യർത്ഥിയ്ക്കുകയുണ്ടായി .

5. കരാർ/ദിവസ വേതന നിയമനങ്ങൾ സംബന്ധിച്ച നിലവിലെ മാനദണ്ഡങ്ങൾ പ്രതിപാദിച്ചിരിക്കുന്ന ധനകാര്യ വകുപ്പിന്റെ സ.ഉ.(അച്ചടി) നം. 81/2019/ധന തീയതി, 09.07.2019 -ലെ ഉത്തരവ് പ്രകാരം പ്രസ്തുത ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെടാത്ത തസ്തികകൾക്ക് ധനവകുപ്പിന്റെ അനുമതിയോട് കൂടി കരാർ വേതനം നിശ്ചയിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ, ശ്രീ. സനൽ കുമാർ എസ്.ആർ-ന് വൈസ് ചെയർപേഴ്സൺന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിരുന്നു:

*"സംസ്ഥാന ആസൂത്രണ ബോർഡിലെ ജോയിന്റ് ഡയറക്ടറായി വിരമിച്ച ശ്രീ.സനൽ കുമാർ എസ്.ആർ-നെ ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയായി കോ-ടെർമിനസ് വ്യവസ്ഥയിൽ 01/06/2024 പ്രാബല്യത്തിൽ, (Co-terminus basis with the tenure of the Vice Chairperson) നിയമിക്കുന്നതിന് അനുമതി നൽകുന്നു. ടിയാൻ അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ച തുക വേതനമായി നിശ്ചയിക്കാം എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.*

*ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

6. ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന ആസൂത്രണ ബോർഡിലെ ജോയിന്റ് ഡയറക്ടറായി വിരമിച്ച ശ്രീ.സനൽ കുമാർ എസ്.ആർ-നെ ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയായി കോ-ടെർമിനസ് വ്യവസ്ഥയിൽ 01/06/2024 പ്രാബല്യത്തിൽ, (Co-terminus basis with the tenure

of the Vice Chairperson) നിയമിച്ചും ടിയാൻ അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ച തുക വേതനമായി നിശ്ചയിച്ചും ഉത്തരവാകുന്ന വിഷയം ഒരിക്കൽ കൂടി ബഹു.മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ, വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിരുന്നു.

**തീരുമാനിക്കേണ്ട വിഷയം**

സംസ്ഥാന ആസൂത്രണ ബോർഡിലെ ജോയിന്റ് ഡയറക്ടറായി 31.05.2024-ൽ വിരമിച്ച ശ്രീ.സനൽ കുമാർ എസ്.ആർ-നെ ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയായി കോ-ടെർമിനസ് (Co-terminus basis with the tenure of the Vice Chairperson) വ്യവസ്ഥയിൽ 01/06/2024 പ്രാബല്യത്തിൽ, നിയമിച്ചും, ടിയാൻ അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ച തുക വേതനമായി നിശ്ചയിച്ചും ഉത്തരവാകാവുന്നതാണോ?